**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1952 — 11-02-2020-ൽ മറുപടിക്ക്.

## സി-ഡിറ്റ്

ചോദ്യം
ശ്രീ.അൻവർ സാദത്ത്

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സി-ഡിറ്റിന്റെ തിരുവല്ലം മെയിൻ കാമ്പസിൽ ആവശ്യത്തിലേറെ സ്ഥലം ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ സ്റ്റാച്ച്യുവിലുള്ള നാലുനില കെട്ടിടം പ്രതിമാസം അഞ്ചു ലക്ഷം രൂപ വാടകയ്ക്കെടുത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാഴ്ചെലവ് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സി-ഡിറ്റിന്റെ വിവിധ വകുപ്പുകളുടെയും പ്രോജക്ടുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സൗകര്യം കണക്കിലെടുത്ത് കംപ്യൂട്ടർ ലാബ് ഉൾപ്പെടെ സ്ഥാപിക്കുന്നതിനായാണ് സ്റ്റാച്ച്യുവിലെ കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ളത്. സി-ഡിറ്റിന്റെ തിരുവല്ലത്തെ ക്യാമ്പസിൽ ഒഴിവുള്ള മുറികളിൽ സി-ഡിറ്റിന്റെ പ്രോജക്ടുകളും ലാബുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി- ഡിറ്റിലെ ഏതെല്ലാം പ്രോജക്ടുകളിൽ ശമ്പളം കൂടാതെ ഇൻസെന്റീവ് നൽകി വരുന്നു എന്നു വിശദമാക്കുമോ; ഇന്നേ വരെ നല്കിയ ഇൻസെന്റീവ് എത്രയെന്ന് പറയുമോ; | (ബി) | സി-ഡിറ്റിലെ സി.എം.പി.ജി.ആർ.സി, സി.എം വെബ്സൈറ്റ് & സോഷ്യൽ മീഡിയ, സബ് രജിസ്ട്രാർ ഓഫീസ് പ്രോജക്ട്, അന്താരാഷ്ട്രചലച്ചിത്രോൽസവം - കേരള, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, നവകേരളം, ഹരിതകേരളം, പി.ആർ.ഡി. ന്യൂസ് ക്ലിപ്പിംഗ് എന്നീ വിവിധ പ്രോജക്ടുകളിൽ ശമ്പളം കൂടാതെ ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2016 മേയ് മുതൽ 1,39,64,447/- രൂപ ഇൻസെന്റീവ് ആയി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിലെ കോർപ്പസ് ഫണ്ടിൽ (ഫിക്സഡ് ഡെപ്പോസിറ്റ്) നിന്നും എത്ര രൂപ പിൻവലിച്ചിട്ടുണ്ട്; എന്ത് ആവശ്യങ്ങൾക്കാണ് പിൻവലിച്ചതെന്ന് വിശദമാക്കുമോ; കോർപ്പസ് ഫണ്ടിൽ ഇനി മിച്ചമുള്ള തുകയുടെ വിവരം വിശദമാക്കുമോ? | (സി) | സി-ഡിറ്റിന് കോർപ്പസ് ഫണ്ടില്ല. 2017 മുതൽ 2019 ജനുവരി വരെ 8,41,87,840.47/- രൂപ സ്ഥിരനിക്ഷേപത്തിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. സി-ഡിറ്റിന് വിവിധ വകുപ്പുകളുടെ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട തുകലഭിക്കുന്നതിനു കാലതാമസമുണ്ടാകുന്ന അവസരത്തിൽ പ്രോജക്ട് നിർവ്വഹണത്തിനും അവശ്യചെലവുകൾക്കുമായി മേൽപ്പറഞ്ഞ തുക വിനിയോഗിക്കാറുണ്ട്. നിലവിൽ 7,88,70,782/- രൂപ സ്ഥിര നിക്ഷേപമുണ്ട്. |

സെക്ഷൻ ഓഫീസർ